## പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2249 — 18.07.2016 – ൽ മറുപടിയ്ക്ക്

## ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം<br>**ശ്രീ. പി.കെ.ബഷീർ** | | ഉത്തരം<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്ത് നൽകിയ വീടുകളുടെ എണ്ണമെത്രയാണെന്ന് വിശദമാക്കാമോ; | (എ) | സാഫല്യം ഭവന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി ക്കഴിഞ്ഞു. എറണാകുളത്ത് ചോറ്റാനി ക്കരയിൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. സാന്ത്വനം പദ്ധതിയും, സൗഭാഗ്യഭവന പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. ഗൃഹശ്രീ ഭവനപദ്ധതി പ്രകാരം 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ യഥാക്രമം 525,709,1500 വീടുകൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്. ഇതിൽ 2013-14 വർഷത്തിൽ 508 വീടുകൾക്കും,2014-15 വർഷത്തിൽ 520 വീടുകൾക്കും, 2015-16 വർഷത്തിൽ 407 വീടുകൾക്കും 08.07.2016-ലെ കണക്കുപ്രകാരം സർക്കാർ സബ്സിഡി നൽകി പണി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്. |
| (ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പുതിയ പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (ബി) | ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. |

സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി പരമാവധി വായ്പ 12 ലക്ഷം രൂപ. തിരിച്ചടവ് കാലാവധി 12 വർഷം. പദ്ധതി അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്.

1 പാരസ്പര്യം പദ്ധതി

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വില്പനവില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിയിലൂടെ സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള താഴെപ്പറയുന്ന പദ്ധതികൾ ബോർഡ് പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(1) എറണാകുളത്ത് പനമ്പിള്ളി നഗർ ഫ്ലാറ്റ് നിർമ്മാണ പദ്ധതി (29 ഫ്ലാറ്റുകൾ)

(2) തിരുവനന്തപുരം അമ്പലനഗർ ഫ്ലാറ്റ് നിർമ്മാണ പദ്ധതി (60 ഫ്ലാറ്റുകൾ)

(3) എറണാകുളത്ത് കുമാരനാശാൻ നഗർ കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (33 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയായും)

(4) എറണാകുളം ജില്ലയിൽ തൃക്കാക്കര കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (16 ഫ്ലാറ്റുകളും കമേഴ്സ്യൽ

ഏരിയായും)

(5) എറണാകുളം ജില്ലയിൽ ഇരുമ്പനം കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് ഘട്ടം 1 പദ്ധതി (43 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയായും)

(6) കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി (സൈറ്റ് II) റസിഡൻഷ്യൽ അപ്പാർട്ട് മെന്റ്സ് പദ്ധതി (72 ഫ്ലാറ്റുകൾ)

(7) കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം എക്സിക്യൂട്ടീവ് ഫ്ലാറ്റുകളുടെ നിർമ്മാണ പദ്ധതി (72 ഫ്ലാറ്റുകൾ)

(8) കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം ഗ്രീൻ സ്കൈ വില്ലാ പദ്ധതി (45 ഫ്ലാറ്റുകൾ)

താഴെപ്പറയുന്ന 5 ഭവന പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(1) കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് പദ്ധതി (36 ഫ്ലാറ്റുകൾ)

(2) തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (10 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയയും)

(3) എറണാകുളം ജില്ലയിൽ തൃക്കാക്കര റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് പദ്ധതി (84 ഫ്ലാറ്റുകൾ)

(4) എറണാകുളം ജില്ലയിൽ ഇരുമ്പനം കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി ഘട്ടം II (32 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയയും)

(5) തിരുവനന്തപുരത്ത് ആക്കുളത്ത് 22 വില്ലകൾ

2. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി</u>

വനിതാ ജീവനക്കാർക്ക് വാടകയ്ക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി കേന്ദ്ര സർക്കാർ ഗ്രാന്റും കേരള സർക്കാരിന്റെ വിഹിതവും ബോർഡ് ഫണ്ടും ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

1. കാസർഗോഡ് ജില്ലയിൽ മാഥൂറിൽ (109 കിടക്കകളുള്ള) WWH പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

2. കൂടാതെ കോട്ടയത്ത് ഗാന്ധിനഗറിലും (139 കിടക്കകൾ), വയനാട് ജില്ലയിൽ മാനന്തവാടിയിലും (169 കിടക്കകൾ) WWH പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

Subhas

സെക്ഷൻ ഓഫീസർ